പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2175
26/03/2013 ലെ മറുപടിക്ക്

## നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്

**ചോദ്യം** — **ഉത്തരം**

**ശ്രീമതി.പി.അയിഷാ പോറ്റി** — **ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പ്രകാരം എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് പ്രസ്തുത പ്രവൃത്തികളുടെ രൂപകല്പന പൂർത്തീകരിക്കുന്നതിലെ കാലതാമസവും എസ്റ്റിമേറ്റിന് അന്തിമ രൂപം നൽകുന്നതിലെ സാങ്കേതിക ബുദ്ധിമുട്ടും കാരണം ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ചില നിർദ്ദേശങ്ങളിൽ വിശദമായ എസ്റ്റിമേറ്റ് സഹിതം ഭരണവകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിൽ എത്തുന്നതിനുള്ള കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2012-13 സാമ്പത്തിക വർഷം എം.എൽ.എ.മാർ നിർദ്ദേശിച്ച പ്രസ്തുത പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ ഭരണാനുമതി ലഭിച്ചില്ലെങ്കിൽ അത്തരം പ്രവൃത്തികളിന്മേൽ സ്വീകരിക്കുന്ന തുടർനടപടി വിശദമാക്കുമോ? | ആസ്തി വികസന ഫണ്ടിൻ കീഴിൽ എം.എൽ.എ.മാർ 2012-13 വർഷത്തിൽ നിർദ്ദേശിച്ചതും എന്നാൽ 2013 മാർച്ച് 31 ന് മുമ്പ് ഭരണാനുമതി ലഭിക്കാതെ വന്നിട്ടുള്ളതുമായ പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൻെറ കാലപരിധി പരിഗണിക്കാതെ തന്നെ 2013-14 ൽ ഭരണാനുമതി നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ